I ഇ.ബി. XIII-കേരള നിയമസഭ/XVI-9

# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2016 ഫെബ്രുവരി 17, ബുധൻ

നിയമസഭ രാവിലെ 8.30 -ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

**ഗവർണ്ണറുടെ സന്ദേശം**

2016 ഫെബ്രുവരി 11-ാം തീയതി സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ നൽകിയ മറുപടി ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

**അടിയന്തരപ്രമേയം**

റേഷൻ മൊത്തവ്യാപാര ഡിപ്പോ കോഴക്കേസ്

മി. സ്പീക്കർ: റേഷൻ മൊത്തവ്യാപാര ഡിപ്പോ കോഴക്കേസ്സിൽ കോടതിയിൽ

സമർപ്പിച്ച കുറ്റപത്രം റദ്ദാക്കി മന്ത്രിയേയും കൂട്ടരേയും പ്രതിപ്പട്ടികയിൽനിന്ന് നീക്കണമെന്ന ആവശ്യം നിയമോപദേശത്തെത്തുടർന്ന് വിജിലൻസ് ഡയറക്ടർക്ക് തള്ളേണ്ടിവരികയും മന്ത്രി അടൂർ പ്രകാശിനെതിരായ കുറ്റപത്രം പ്രാബല്യത്തിൽ വരികയും ചെയ്തിരിക്കുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സുരേഷ് കുറുപ്പ്, വി. എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ ശ്രീ. അടൂർ പ്രകാശിനെതിരായി വി. സി. സചിത്രൻ എന്നയാൾ നൽകിയ ഏകദേശം പത്ത് വർഷത്തിലേറെ പഴക്കമുള്ള പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി 28.02.2011-ൽ കോഴിക്കോട് വിജിലൻസ് കോടതിയിൽ ചാർജ് ഷീറ്റ് ഫയൽ ചെയ്തിട്ടുള്ളതാണ്. അബ്ദുൾ റഹിമാൻ എന്ന വ്യക്തിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ പുറത്തുവന്ന പുതിയ തെളിവുകൾ കണക്കിലെടുത്ത് കേസ്സിൽ തുടരന്വേഷണം നടത്തുന്നതിന് 05.02.2014-ൽ വിജിലൻസ് കോടതി അനുമതി നൽകുകയും കേസന്വേഷണം

നടന്നുവരികയുമാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് തുടരന്വേഷണ റിപ്പോർട്ട് വിജിലൻസ് കോടതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്. അന്വേഷണ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുന്നതിനുമുമ്പ് അന്വേഷണഘട്ടത്തിൽ കേസ്സുകളിൽ ഇടപെടുന്ന സമീപനം സർക്കാരിനില്ല. വിജിലൻസ് ഡയറക്ടറുൾപ്പെടെയുള്ള അന്വേഷണ ഉദ്യോഗസ്ഥർ നിയമോപദേശത്തിന്റെ വെളിച്ചത്തിലെടുക്കുന്ന തീരുമാനങ്ങളിൽ സർക്കാർ ഇടപെടാറില്ല. തുടരന്വേഷണ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുന്നതിനുമുമ്പ് ഇത്തരമൊരു വിഷയം ഉന്നയിച്ചിരിക്കുന്നത് സമൂഹത്തിൽ തെറ്റിദ്ധാരണ വരുത്താനുള്ള ശ്രമമായി മാത്രമേ കാണാൻ കഴിയുകയുള്ളൂ.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: റവന്യൂ വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശിനെതിരെ നിലനിൽക്കുന്ന വിജിലൻസ് കേസ്സിൽ തുടരന്വേഷണം നടത്തി അദ്ദേഹത്തെ കുറ്റവിമുക്തനാക്കണമെന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് വിജിലൻസ് ഡയറക്ടർ തള്ളിക്കളഞ്ഞുവെന്ന വാർത്ത ഗൗരവമുള്ളതാണ്. ഈ കേസിന് പത്തുവർഷത്തിലേറെ പഴക്കമുണ്ടെന്ന് പറഞ്ഞ് ആഭ്യന്തര വകുപ്പുമന്ത്രി ഇതിനെ നിസ്സാരവൽക്കരിച്ചിരിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് ഭക്ഷ്യ-

സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. അടൂർ പ്രകാശ് റേഷൻ മൊത്തവ്യാപാര ഡിപ്പോ ലൈസൻസ് നൽകുന്നതിന് എൻ. കെ. അബ്ദുൾ റഹിമാൻ എന്നയാളോട് 25 ലക്ഷം രൂപ കൈക്കൂലി ആവശ്യപ്പെട്ട കേസ്സാണിത്. ഇതുസംബന്ധിച്ച് വിജിലൻസ് കോടതിയിൽ നൽകിയ പരാതിയിൽ അന്വേഷണം നടത്തി കോടതി കുറ്റപത്രം സമർപ്പിക്കുകയുണ്ടായി. ഈ കേസ്സിൽ പുനരന്വേഷണം നടത്താൻ വിജിലൻസ് കോടതി ആവശ്യപ്പെട്ടപ്പോൾ തുടരന്വേഷണം മതിയെന്ന നിലപാടെടുക്കുകയാണ് സർക്കാർ ചെയ്തത്. തുടരന്വേഷണം നേരിടുന്ന വ്യക്തിയെ മന്ത്രിയാക്കാനുള്ള നീക്കത്തിന്റെ ഭാഗമായാണ് ഈ നിലപാട് സ്വീകരിച്ചത്. അന്വേഷണ ഉദ്യോഗസ്ഥർ നൽകിയ റിപ്പോർട്ടിന്മേൽ വിജിലൻസ് ഡയറക്ടർ നിയമോപദേശം തേടി പ്രസ്തുത റിപ്പോർട്ട് സ്വീകാര്യമല്ലെന്ന നിലപാട് സ്വീകരിച്ചിരിക്കുകയാണ്. കൈക്കൂലി കേസ്സിൽ കുറ്റവിചാരണ നേരിടേണ്ടയാൾ മന്ത്രിസ്ഥാനത്ത് തുടരുന്നത് നാടിന് കളങ്കമാണ്. ഇതുസംബന്ധിച്ച് അന്വേഷണം നടത്തി നടപടിയെടുക്കാൻ തയ്യാറാകാത്ത സർക്കാർ നടപടി പ്രതിഷേധാർഹമാണ്. ശ്രീ. അടൂർ പ്രകാശ് രാജി വച്ച് കുറ്റവിചാരണ നേരിടാൻ തയ്യാറാകണം. ഈ സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച്

ചർച്ച ചെയ്യണം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ഈ കേസ്സിന്റെ ഒരു അന്വേഷണഘട്ടത്തിലും സർക്കാർ ഇടപെട്ടിട്ടില്ല. കോടതിയുടെ അനുമതിയോടുകൂടിയാണ് കേസ്സിന്റെ തുടരന്വേഷണം നടന്നത്. തുടരന്വേഷണം നടത്തി കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചതായി യാതൊരു വിവരവും സർക്കാരിന് ലഭിച്ചിട്ടില്ല. 2004-2006-കാലഘട്ടത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് രാഷ്ട്രീയപ്രേരിതമായി എടുത്ത കേസ്സാണിത്. ശ്രീ. അടൂർ പ്രകാശ് ആർക്കും റേഷൻ മൊത്തവ്യാപാര ഡിപ്പോ അനുവദിച്ചിട്ടില്ല. നിയമം അനുശാസിക്കുന്നതനുസരിച്ചുള്ള തുടരന്വേഷണമാണ് കേസിൽ നടത്തിയിട്ടുള്ളത്. ശ്രീ. അടൂർ പ്രകാശിനെതിരെ ആരോപണം നിലനിൽക്കുമ്പോഴാണ് അദ്ദേഹം നിയമസഭാ തെരഞ്ഞെടുപ്പിൽ ജയിച്ച് മന്ത്രിസ്ഥാനത്തെത്തിയത്. വസ്തുതകളുടെ അടിസ്ഥാനത്തിൽ മാത്രമേ ആരോപണം ഉന്നയിക്കാൻ പാടുള്ളൂ. ഇപ്പോഴത്തെ വിജിലൻസ് ഡയറക്ടറെക്കുറിച്ച് ഒരു ആരോപണവും നിലവിലില്ല. കേസുകളുടെ മെറിറ്റ് അനുസരിച്ച് പ്രവർത്തിക്കുന്ന വിജിലൻസിന്റെ എല്ലാ നടപടികളും

കോടതിയുടെ പരിശോധനയ്ക്ക് വിധേയമാണ്. 2006 മുതൽ നടക്കുന്ന പ്രസ്തുത കേസുമായി ബന്ധപ്പെട്ട് നിരവധി നിയമോപദേശങ്ങളും നടപടികളുമുണ്ടായിട്ടുണ്ട്. രാഷ്ട്രീയപ്രേരിതമായി ഇടതുപക്ഷത്തിന്റെ കാലത്ത് എടുത്ത കേസിന്റെ കുറ്റപത്രം സമർപ്പിക്കുന്നത് സർക്കാരിന്റെ കാലാവധി തീരുന്നതിന് തൊട്ടുമുമ്പ് മാത്രമാണ്. ഇതുസംബന്ധിച്ച് വിജിലൻസ് ഡയറക്ടർ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് സർക്കാർ അന്വേഷിച്ചിട്ടില്ലെന്ന് മാത്രമല്ല കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുമില്ല. അസാധാരണമായ യാതൊരു സ്ഥിതിവിശേഷവും നിലവിലില്ലാത്ത സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കേസിന്റെ എല്ലാ വശങ്ങളും അന്വേഷിച്ചിട്ടല്ല പ്രതിപക്ഷം ആക്ഷേപം ഉന്നയിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ ഇക്കാര്യത്തിൽ വിശദമായി സംസാരിക്കുന്നത് ശരിയല്ല. ഞാൻ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയായിരുന്ന 2004-06 കാലഘട്ടത്തിൽ റേഷൻകടകളുടെ മൊത്തവ്യാപാര ഡിപ്പോകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട്

നിന്നും ഓമശ്ശേരി കേന്ദ്രമാക്കി ഡിപ്പോ അനുവദിക്കണമെന്ന ശ്രീ. അബ്ദുൾ റഹിമാൻ സമർപ്പിച്ച അപേക്ഷ വകുപ്പുതല പരിശോധന നടത്തി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് അനുവദിക്കാൻ തീരുമാനമെടുത്തത്. ഇത്തരത്തിൽ അപേക്ഷ ക്ഷണിക്കുന്നതും പരിശോധന നടത്തുന്നതും നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതും അതാത് ജില്ലാ കളക്ടർമാരാണ്. ശ്രീ. അബ്ദുൾ റഹിമാൻ അപേക്ഷ ക്ഷണിച്ച പ്രദേശത്തെ താമസക്കാരനല്ല എന്ന നിയമപരമായ കാരണത്താൽ അന്നത്തെ ജില്ലാ കളക്ടർ അപേക്ഷ നിരസിക്കുകയും നിയമാനുസൃതം അപേക്ഷിച്ച മറ്റൊരാൾക്ക് ഡിപ്പോ അനുവദിച്ചുകൊടുക്കുകയുമാണുണ്ടായത്. നിയമാനുസൃതം അനുവാദം നൽകിയ റേഷൻ മൊത്തവ്യാപാര ഡിപ്പോ അബ്ദുൾ റഹിമാൻ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ക്യാൻസൽ ചെയ്തിരുന്നു. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ അബ്ദുൾ റഹിമാൻ വീണ്ടും അപ്പീൽ കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഡിപ്പോ അനുവദിച്ചു നൽകുകയാണുണ്ടായത്. അന്നത്തെ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കവേ അനധികൃതമായി കാരാശ്ശേരി പഞ്ചായത്തിലെ താമസക്കാരനായ ടിയാൾക്ക് ഡിപ്പോ അനുവദിച്ചുനൽകിയെന്ന് ചൂണ്ടിക്കാണിച്ചപ്പോൾ അന്നത്തെ

വകുപ്പുമന്ത്രി ഫോൺ സന്ദേശത്തിലൂടെ ഡിപ്പോ ക്യാൻസൽ ചെയ്യാൻ നിർദ്ദേശം നൽകിയിരുന്നു. ഇപ്പോൾ പ്രസ്തുത ഡിപ്പോ അനുവദിച്ചുനൽകിയിട്ടുണ്ടോയെന്ന് അറിയില്ല. ഞാൻ ടിയാനിൽനിന്നും 25 ലക്ഷം രൂപ ചോദിച്ചുവെന്ന ആക്ഷേപം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ടെലിഫോൺ സന്ദേശത്തിലൂടെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുകയും എൽ.ഡി.എഫ്. സർക്കാരിന്റെ അവസാന കാലത്ത് കേസിൽ ചാർജ് ഷീറ്റ് നൽകാനുള്ള നിർദ്ദേശം നൽകുകയുമാണ് ചെയ്തത്. പ്രസ്തുത കേസിൽ കോടതിയിൽനിന്ന് ജാമ്യമെടുത്തതാണെന്ന സംഗതി ഞാൻ മറച്ചുവച്ചിട്ടില്ല. കേസിൽ രണ്ടാം പ്രതിയാക്കിയിരിക്കുന്ന അന്നത്തെ എന്റെ പ്രൈവറ്റ് സെക്രട്ടറി ശ്രീ. രാജുവിനെ സസ്പെന്റ് ചെയ്തത് ചോദ്യം ചെയ്ത് ഹൈക്കോടതിയിൽ റിട്ട് പെറ്റീഷനും ഫയൽ ചെയ്തിരുന്നു. ഇടതുപക്ഷം നടത്തിയിരുന്ന തെറ്റായ പ്രചരണങ്ങൾക്കിടയിലും കോന്നിയിലെ ജനങ്ങൾ എന്നിൽ അർപ്പിച്ചിട്ടുള്ള വിശ്വാസത്തിന്റെ പിൻബലത്തിലും അംഗീകാരത്തോടും കൂടിയാണ് ഞാൻ ഈ സഭയിൽ വന്നിട്ടുള്ളത്. ഇത്തരത്തിലുള്ള ആക്ഷേപം ഉന്നയിച്ചാൽ ഞാൻ പിൻമാറുമെന്ന് കരുതേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ എസ്. ശർമ്മ, ഇ. ചന്ദ്രശേഖരൻ, മാത്യു ടി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷകക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോയി.)

**ശ്രദ്ധക്ഷണിക്കൽ**

ജി.സി.സി. രാജ്യങ്ങളിൽ നോർക്കാ സെല്ലുകൾ

ശ്രീ. എൻ. ഷംസുദ്ദീൻ: ജി.സി.സി. രാജ്യങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങൾ എംബസികൾ വഴി പരിഹരിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ നോർക്ക സെല്ലുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

(സഭയിൽ നിന്നും പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ തിരിച്ചുവരികയും അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രസ്താവന നടത്തിയശേഷം മുദ്രാവാക്യം വിളിച്ചുകൊണ്ട് ഡയസ്സിനുമുമ്പിൽ വന്നുനിന്ന് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. )

(പ്രതിപക്ഷ ബഹളത്തെ തുടർന്ന് രാവിലെ 10.24-ന് നിർത്തിവച്ച സഭ

ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ 11.24-ന് പുനരാരംഭിച്ചു.)

മി. സ്പീക്കർ: ഇരുഭാഗത്തേയും കക്ഷിനേതാക്കൻമാരുമായി സംസാരിച്ചിട്ടും യോജിച്ച തീരുമാനത്തിലെത്താൻ കഴിഞ്ഞിട്ടില്ല. ചില പ്രത്യേക സാഹചര്യത്തിൽ ബഡ്ജറ്റിനെക്കുറിച്ചുള്ള ചർച്ച രണ്ടുദിവസമായി ചുരുക്കേണ്ടിവന്നു. ഇന്നും ചർച്ച നടക്കാതെ പോകുന്നത് ശരിയല്ല. അതുകൊണ്ട് സഭാനടപടികൾ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം. ശ്രീ. എൻ. ഷംസുദ്ദീന് ശ്രദ്ധക്ഷണിക്കൽ തുടരാവുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: ലക്ഷക്കണക്കിന് മലയാളികൾ ജി.സി.സി. രാജ്യങ്ങളിൽ ജോലി ചെയ്യുന്നതിനാൽ അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഓരോ ഗൾഫ് രാജ്യങ്ങളിലും നോർക്ക സെൽ അനുവദിക്കാൻ നടപടി സ്വീകരിക്കണം.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനു ചുറ്റുംനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): കേരളത്തിന്റെ സമ്പദ്ഘടനയിൽ വലിയ സംഭാവന നൽകുന്ന പ്രവാസികളുടെ കാര്യം ചർച്ച ചെയ്യുമ്പോൾ ഇങ്ങനെയൊരു നിലപാട് പ്രതിപക്ഷം സ്വീകരിക്കുന്നത് ശരിയല്ല. ശ്രദ്ധക്ഷണിക്കലിനുള്ള മറുപടി

മേശപ്പുറത്തുവയ്ക്കുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ സീറ്റിൽ ഇല്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.

(സബ്മിഷൻ റദ്ദുചെയ്യുന്നുവെന്നും അവയുടെ മറുപടി ബന്ധപ്പെട്ട മന്ത്രിമാർ അംഗങ്ങൾക്ക് നൽകണമെന്നും സ്പീക്കർ സഭയെ അറിയിച്ചു.)

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

(1) 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കപ്പെട്ടു.

(2) (കേരളത്തിലെ വിവിധ ഊർജ്ജ പദ്ധതികളുടെയും എനർജി മാനേജ്മെന്റ് സെന്ററിന്റെയും പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ടും വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യ വികസന പരിപാടി സംബന്ധിച്ച റിപ്പോർട്ടും സമർപ്പിക്കപ്പെട്ടില്ല.)

(3) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ ആറ് മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച

ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. പാലോട് രവി): ഒ.എൻ.വി. കുറുപ്പിന്റെ സ്മരണയ്ക്കായി അദ്ദേഹത്തിന്റെ പ്രതിമയും മ്യൂസിയവും സ്ഥാപിക്കാൻ അതിവേഗം തീരുമാനമെടുത്ത സംസ്ഥാന സർക്കാരിനെ അഭിനന്ദിക്കുകയാണ്.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് പ്രസംഗത്തിന്റെ ബാക്കി ഭാഗം മേശപ്പുറത്തുവയ്ക്കുണമെന്നും മറ്റ് പ്രസംഗങ്ങൾ ഒഴിവാക്കുന്നുവെന്നും സ്പീക്കർ അറിയിച്ചു.)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രസംഗത്തിന്റെ ബാക്കി ഭാഗം ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സഭ രാവിലെ 11.31-ന് പിരിഞ്ഞു.

* * * * * * * * *